## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1495

31.10.2019-ൽ മറുപടിക്ക്

### മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ: | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷം മുതൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എല്ലാ ബോട്ടുകളും വള്ളങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. |
| (സി) | ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയവും ലഭ്യമാകുന്ന ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | ഇ-ടെണ്ടറിലൂടെ തെരെഞ്ഞെടുത്ത യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2018-19 ൽ 647 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാകുകയും ചെയ്തു. 2019-20 വർഷം യാനങ്ങളുടെ ഹള്ളിനും, എഞ്ചിനും ഇൻഷ്വറൻസ് കവറേജ് ലഭിക്കും. പൂർണ്ണമായ നഷ്ടത്തിന് നിശ്ചിത വിലയുടെ 1 ശതമാനവും ടാക്സും ചേർന്ന തുകയും പൂർണ്ണവും ഭാഗീകവുമായ നഷ്ടത്തിന് നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും അടങ്ങുന്നതാണ് പ്രീമിയം തുക. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10 % ഗുണഭോക്തൃ വിഹിതവുമാണ്. |

സെക്ഷൻ ഓഫീസർ